പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1354 06-03-2020-ലെ മറുപടിയ്ക്ക്

## കാർഷികവിള ഇൻഷ്വറൻസ് ആനുകൂല്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കെ. ശശീന്ദ്രൻ** | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| കാർഷികവിള ഇൻഷ്വറൻസ് ആനുകൂല്യം യഥാസമയം കർഷകർക്ക് ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | ഈ സർക്കാർ വന്നതിനു ശേഷം വിള ഇൻഷ്വറൻസ് ആനുകൂല്യം യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളം അഭിമുഖീകരിച്ച മഹാപ്രളയത്തിലുണ്ടായ വൻനാശനഷ്ടം കാർഷിക മേഖലയേയും സമ്പദ് വ്യവസ്ഥയേയും വളരെ പ്രതികൂലമായി ബാധിച്ചു. എന്നിരുന്നാലും 2018-19 പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 51 കോടി രൂപ നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ 35.23 കോടി രൂപയും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനത്തിൽ കുറവ് വന്നതും 2019 ഒക്ടോബറിനുശേഷമുള്ള ജി.എസ്.ടി കോംപൻസേഷൻ പൂർണ്ണമായും ലഭിക്കാത്തതും നടപ്പ സാമ്പത്തിക വർഷം അവസാന പാദത്തിലെ കടമെടുക്കുന്നതിനുള്ള പരിധി കേന്ദ്ര സർക്കാർ വെട്ടിച്ചുരുക്കിയതും സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിലവിലെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശികയായുള്ള സബ്സിഡി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ